പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1591 06.03.2020 -ലെ മറുപടിക്ക്

## കോട്ടയം കെ.എസ്.ആർ.ടി.സി. ഡിപ്പോ

ചോദ്യം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോട്ടയം കെ.എസ്.ആർ. ടി.സി. ഡിപ്പോയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ ഭാഗമായുള്ള ടെർമിനൽ ബ്ലോക്ക്, കണക്ഷൻ ബ്ലോക്ക് പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ; | (എ) | കോട്ടയം ഡിപ്പോയിൽ നിർമ്മിക്കാനുദ്ദേശിച്ചിരുന്ന 30.78 കോടി രൂപയുടെ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ ഭാഗമായ ബസ് ടെർമിനൽ ബ്ലോക്കിന്റെയും കണക്ഷൻ ബ്ലോക്കിന്റെയും സിവിൽ വർക്കിന് വേണ്ടി 19.5 കോടി രൂപയുടെ പ്രവൃത്തിയ്ക്ക് ഇ-ടെണ്ടർ ക്ഷണിക്കുകയും ശ്രീ. അബ്ദുൽ വാഹിദ്, ഇ.ജെ. കൺസ്ട്രക്ഷൻ എസ്റ്റിമേറ്റ് തുകയേക്കാൾ 8% കൂടുതൽ തുകയ്ക്ക് കരാർ ഏറ്റെടുക്കുകയും 12/3/2015 ൽ എഗ്രിമെന്റ് വെയ്ക്കുകയും ചെയ്തിരുന്നു.<br><br>ബസ് ടെർമിനലിന്റെ നിർമ്മാണത്തിനായി സൈറ്റിൽ നിന്നും മണ്ണ് നീക്കം ചെയ്തു തീർക്കുന്നതിനുള്ള കാലതാമസവും സൈറ്റിൽ നിന്നിരുന്ന കെട്ടിടം പൊളിച്ചു നീക്കി സൈറ്റ് കൈമാറാത്തത് മൂലവും നിലവിലെ റേറ്റിൽ പ്രവൃത്തി ചെയ്യുവാൻ കഴിയുകയില്ലെന്ന് കരാറുകാരൻ 23/9/2016 ൽ അറിയിച്ചതു കാരണം പ്രോജക്ടുകളുമായി മുന്നോട്ട് പോകുവാൻ കഴിഞ്ഞില്ല.<br><br>കെ.എസ്.ആർ.ടി.സി.യുടെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി മൂലം മറ്റ് സ്ഥലങ്ങളിൽ നടന്നു കൊണ്ടിരുന്ന ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം നിലച്ചതിനാൽ പ്രതീക്ഷിച്ചിരുന്ന പലിശരഹിത നിക്ഷേപം അവിടെ നിന്നും ലഭിച്ചിരുന്നില്ല. കോട്ടയത്തെ പ്രോജക്ടിന്റെ പണി തുടങ്ങാതെ പലിശരഹിത നിക്ഷേപം ലഭിക്കാൻ സാദ്ധ്യതയില്ലാത്തതിനാൽ ബഹു. എം.എൽ.എയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലും ബഹു. ധനമന്ത്രിയുടെ നിർദ്ദേശാനുസരണവും ടി പ്രോജക്ട് KIIFB യിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി പലിശരഹിത നിക്ഷേപം ലഭ്യമാക്കുവാൻ സർക്കാർ ഇതേവരെ എന്തു നടപടി സ്വീകരിച്ചെന്നറിയിക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി കാരണം വിവിധ ഡിപ്പോകളിൽ നടന്നു കൊണ്ടിരുന്ന ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം മുടങ്ങി കിടക്കുകയാണ്. അതിനാൽ കോട്ടയത്തെ പ്രോജക്ടിന്റെ നിർമ്മാണം ആരംഭിക്കാതെ പ്രതീക്ഷിക്കുന്ന പലിശ രഹിത നിക്ഷേപം ലഭിക്കാൻ സാദ്ധ്യതയില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (സി) | എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പണി പൂർത്തിയാക്കി ഗ്യാരേജ് എന്ന് പ്രവർത്തന ക്ഷമമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഗ്യാരേജിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി വരുകയാണ്. |

**സെക്ഷൻ ഓഫീസർ**